**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളിലെ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.12/2018/സഹ. തീയതി, തിരുവനന്തപുരം, 06/01/2018.**

---

പരാമർശം:-
1) 25.02.2010 ലെ സ.ഉ.(കൈ)നം. 39/2010/സഹ നമ്പർ ഉത്തരവ്.
2) കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ 30.12.2016, 23.08.2017 എന്നീ തീയതികളിൽ സമർപ്പിച്ച നിവേദനങ്ങൾ.
3) സഹകരണ സംഘം രജിസ്ട്രാറുടെ 23.03.2017 തീയതിയിലെ ഇ.എം(4) 9950/2016 നമ്പർ കത്ത്.
4) സഹകരണ സംഘം രജിസ്ട്രാറുടെ 17.11.2017 തീയതിയിലെ ഇ.എം(4) 2205/2017 നമ്പർ കത്ത്.

## ഉത്തരവ്

സഹകരണ മേഖലയിലുള്ള ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളിലെ ജീവനക്കാർക്ക് പുതിയ ശമ്പള പരിഷ്കരണം നിലവിൽ വരുന്നതുവരെ ഇടക്കാലാശ്വാസമായി 1500/- രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ജീവനക്കാരുടെ സംഘടന പരാമർശം (2) പ്രകാരം സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കാലാവധി അവസാനിച്ച സാഹചര്യത്തിലും, മൊത്ത വ്യാപാര സ്റ്റോറുകളുടെ സാമ്പത്തിക സ്ഥിതി പരിശോധനയ്ക്ക് വിധേയമായി മാത്രമേ പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്നതിനാലും പ്രതിമാസം 500/- ഇടക്കാലാശ്വാസമായി അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ കാലാവധി 31.03.2013 ൽ അവസാനിച്ചിട്ടുണ്ട്. മൊത്ത വ്യാപാര സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ ശമ്പള പരിഷ്കരണത്തിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന് പരാമർശം (4) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശമ്പള പരിഷ്കരണത്തിനായി പുതിയ ശമ്പള പരിഷ്കരണ കമ്മിറ്റിയെ നിയോഗിച്ചിട്ടില്ലാത്തതിനാലും, ജീവനക്കാരുടെ സംഘടന സമർപ്പിച്ച നിവേദനം പരിഗണിച്ചും ശമ്പള പരിഷ്കരണം നിലവിൽ വരുന്നതുവരെ ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളിലെ ജീവനക്കാർക്ക് 500/- രൂപ ഇടക്കാലാശ്വാസമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവിന് 01.01.2018 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പി.എസ്. രാജേഷ്**
**അഡീഷണൽ സെക്രട്ടറി**

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
സഹകരണ ഓഡിറ്റ് ഡയറക്ടർ, O/o സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകൾ (സഹകരണ സംഘം രജിസ്ട്രാർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക് വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ*